**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 132** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തെ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
| --- | --- |
| ശ്രീ. വിഷ്ണു മോഹൻ | ശ്രീ. കെ. മുരളീധരൻ |
| ശ്രീ. ഉല്ലാസ് കോവൂർ | (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി) |
| ശ്രീ. വി. കുഞ്ഞികൃഷ്ണൻ | |

**(എ)** സംസ്ഥാനത്തെ താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

സംസ്ഥാനത്തെ താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ ജനറൽ /ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഒ പി പരിവർത്തന പ്രവർത്തനങ്ങൾ നടത്തിവരുകയാണ്. ഒ പി നവീകരണ പ്രവർ ത്തനങ്ങൾക്കായി 17 ജനറൽ / ജില്ലാ ആശുപത്രികളെ തെരെഞ്ഞെടുക്കുകയും അതിൽ 15 സ്ഥാപനങ്ങളിൽ ഒ പി നവീകരണം പൂർത്തിയായിട്ടുള്ളതാണ്. താലൂക്ക് ആശുപത്രികളിലെ ഒ പി പരിവർത്തന പ്രവർത്തനങ്ങൾക്കായി തെരെഞ്ഞെടുത്ത 43 സ്ഥാപനങ്ങളിൽ 29 എണ്ണവും പൂർത്തിയായിട്ടുള്ളതാണ്. കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ 6 താലൂക്ക് ആശുപത്രികളിലെ ഒ പി നവീകരണം കൂടി പൂർത്തിയാകുന്നതാണ്.

74 താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രികൾ ഉൾപ്പടെ ആരോഗ്യസ്ഥാപനങ്ങളിൽ കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിൽ 13 സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ച് തുടങ്ങിയിട്ടുള്ളതാണ്. കൂടാതെ 39 സ്ഥാപനങ്ങളിലെ ലേബർ റൂമുകളെ Lakshya - quality നിലവാരത്തിലേക്ക് ഉയർ ത്തിയിട്ടുള്ളതാണ്. നബാർഡ് RIDF ട്രാഞ്ചേ XXVI മുതൽ XXX വരെയുള്ളതിൽ ഉൾപ്പെടുത്തി 20 ആരോഗ്യ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണ്. ഇതിൽ 3 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായിട്ടുള്ളതുമാണ്. നിലവിൽ IPHS Standardization പ്രകാരം വിവിധ തലത്തിലുള്ള ആശുപത്രികൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചു വരുന്നു.

**(ബി)** പ്രസ്തുത ആശുപത്രികളിൽ ആധുനിക രോഗ നിർണ്ണയ സൗകര്യങ്ങൾക്കും ചികിത്സയ്ക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത ആശുപത്രികളിൽ ആധുനിക രോഗ നിർണ്ണയ സൗകര്യങ്ങൾക്കും ചികിത്സയ്ക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ആധുനിക രോഗ നിർണ്ണയ സൗകര്യങ്ങൾക്കും ചികിത്സയ്ക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി Infectious disease infrastructure – ന്റെ ഭാഗമായി കോവിഡ്, നിപ്പ തുടങ്ങിയ സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആശുപത്രികളുടെ പശ്ചാത്തല

വികസനത്തിനായി 90 സ്ഥലങ്ങളിൽ Isolation Wardനിർമ്മിക്കുന്നതിനായി തീരുമാനിക്കുകയും ആരോഗ്യ വകുപ്പിലെ 88 സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. നിലവിൽ 55 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്. മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു.

ജില്ലാ / ജനറൽ ആശുപത്രികളിൽ ജനസൗഹാർദ്ദ അന്തരീക്ഷം. ഒ പി നവീകരണം, സി ടി സ്കാൻ, അൾട്രാ സൗണ്ട്, ആധുനിക ലാബ്, സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്, മറ്റേർണിറ്റി സേവനങ്ങൾ, ട്രോമ കെയർ, സൂപ്പർ സ്പെഷ്യാലിറ്റികളായ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി എന്നിവ ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാത്ത് ലാബ് സൗകര്യം ഘട്ടം ഘട്ടമായി ആരംഭിക്കുന്നതിനും ലഹരി മോചന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള ഭൂമിക കേന്ദ്രങ്ങളുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കുട്ടികളിലെ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തി ചികിത്സ നല്കുവാനുള്ള District Early Intervention Center - കളുടെ സേവനം മെച്ചപ്പെടുത്തുന്നതിനും ക്യാൻസർ ചികിത്സ, പാലിയേറ്റീവ് എന്നിവക്കായി കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

താലൂക്ക് ആശുപത്രികളിൽ ജനസൗഹാർദ്ദ അന്തരീക്ഷം നവീകരണം, നവജാത ശിശു പരിചരണ വിഭാഗം, മറ്റേർണിറ്റി സേവനങ്ങൾ, ട്രോമ കെയർ, ഡയലിസിസ് സംവിധാനം, അടിസ്ഥാന സ്പെഷ്യലിറ്റികളായ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ് വിഭാഗങ്ങളുടെ സേവനം മെച്ചപ്പെടുത്തൽ എന്നിവ ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. ഓർത്തോ പിഡിക്സ്. ഇ എൻ റ്റി, നേത്ര വിഭാഗം, സൈക്ക്യാട്രി, ദന്ത വിഭാഗം, ഡെർമ്മറ്റോളജി എന്നീ സ്പെഷ്യലിറ്റി സേവനങ്ങളും പ്രത്യേക അത്യഹിത വിഭാഗം, ബ്ലഡ് ബാങ്ക് /ബ്ലഡ് സ്റ്റോറേജ് വിഭാഗം എക്സ്റേ, അൾട്രാ സൗണ്ട്, മെച്ചപ്പെട്ട ലബോറട്ടറി സംവിധാനം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. Intensive Care Unit കൾ ലഭ്യമല്ലാത്ത ജില്ലാ / താലൂക്ക് / ജനറൽ ആശുപത്രികളിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചു വരുകയാണ്.

**സെക്ഷൻ ഓഫീസർ**